بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ: ഖുത്വ്ബ**

**സംഗ്രഹം**

**28-08-2026**

# നന്ദിപ്രകടനം: വാഗ്ദത്ത മസീഹി(അ)ന്റെ മാതൃക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

തിരുനബി(സ)യുടെ അധ്യാപനത്തെ ലോകത്ത് വിജയിപ്പിക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നടത്തിയ പരിശ്രമങ്ങൾ ഏവർക്കും സുവ്യക്തമാണ്. എന്നാൽ തന്റെ ഈ ദൗത്യം പൂർത്തീകരിക്കുന്നതിനായി ഏതെങ്കിലും രീതിയിൽ സഹായിച്ചവരോടും അവിടുന്ന് അങ്ങേയറ്റം കൃതജ്ഞത കാണിച്ചിരുന്നു. 1899 ഒക്ടോബർ 4-ലെ ഒരു വിജ്ഞാപനത്തിൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) അരുളി:

ദൈവിക വക്താക്കളായ ഓരോ സംഘത്തിനും പ്രാരംഭഘട്ടത്തിൽ ചന്ദകൾ ആവശ്യമായി വരിക എന്നത് അല്ലാഹുവിന്റെ സുന്നത്താണ്. നമ്മുടെ നബിനായകർ (സ)യും സ്വഹാബാക്കളുടെ മേൽ പലപ്പോഴും ചന്ദകൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഹദ്റത്ത് അബൂബക്കർ (റ) ആയിരുന്നു ചന്ദ നല്കുന്ന കാര്യത്തിൽ ഏറ്റവും മുന്നിൽ നിന്നത്. അതിനാൽ, മടിച്ചു നിൽക്കാതെ സഹായത്തിനായി സുധീരം മുന്നോട്ടുവരേണ്ടതാണ്. എല്ലാവരും തങ്ങളുടെ ശേഷിക്കനുസരിച്ച് ലങ്കർഖാനയ്ക്കായി സഹായം ചെയ്യുക. ലങ്കർഖാനയുടെ ഭാരിച്ച ചുമതലകളിൽ നിന്ന് ഒഴിവായി നമ്മുടെ പ്രധാന ജോലികളിൽ സ്വസ്ഥമായി ഏർപ്പെടാൻ സാധിക്കുകയും നമ്മുടെ സമയത്തെ ബാധിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മെ സഹായിക്കുന്നവർ ഒടുവിൽ ദൈവികസഹായം ദർശിക്കുക തന്നെ ചെയ്യും!

തുടർന്ന് അവിടുന്ന് ഇപ്രകാരം അരുളി:

ഈ സഹായത്തിലും അർപ്പണബോധത്തിലും ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്നത് എന്റെ ആത്മാർഥ സ്നേഹിതൻ മൗലവി ഹകീം നൂറുദ്ദീൻ സാഹിബാണെന്ന കാര്യം എഴുതാതിരിക്കാൻ എനിക്ക് സാധിക്കുകയില്ല! അദ്ദേഹം സാമ്പത്തികമായി സഹായിക്കുക മാത്രമല്ല ഐഹിക ബന്ധങ്ങളെല്ലാം അറുത്തുമാറ്റി, ഫക്കീറുമാരുടെ വസ്ത്രമണിഞ്ഞ്, സ്വന്തം മാതൃരാജ്യത്ത് നിന്നും ഹിജ്റ ചെയ്ത് മരണം വരെ ഖാദിയാനിൽ കഴിയാൻ വന്നിരിക്കുകയാണ്! അദ്ദേഹം എപ്പോഴും എന്തിനും തയ്യാറാണ്; പൗരസ്ത്യനാടുകളിലേക്കോ പാശ്ചാത്യ നാടുകളിലേക്കോ പോകാൻ ഒരുക്കമാണവർ. ബറാഹീനെ അഹ്മദിയ്യയിലെ

اصحاب الصفة وما ادرک ما اصحاب الصفة

(അതായത് ഇവർ അസ്ഹാബുസ്സുഫ്ഫയാണ്; അസ്ഹാബുസ്സുഫ്ഫ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?) എന്ന വെളിപാട് ഇവരെക്കുറിച്ചാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിലകൊള്ളുന്നത് എന്റെ ആത്മാർഥ സുഹൃത്തായ മൗലവി അബ്ദുൽകരീം സാഹിബ് സിയാൽകോട്ടി ആണ്! അല്ലാഹു അദ്ദേഹത്തിന് നേരത്തെ തന്നെ ലൗകിക സ്ഥാനമാനങ്ങളോടും ആഡംബരങ്ങളോടും താല്പര്യം നൽകിയിരുന്നില്ല. എന്നല്ല, അദ്ദേഹം ഐഹിക ചിന്തകളിൽനിന്നെല്ലാം പൂർണ്ണമായി വിരമിച്ച് ഇവിടെ വന്നിരിക്കുകയാണ്. അദ്ദേഹം രാപകൽ സ്വന്തം കഴിവിന്നതീതമായി കഠിനാധ്വാനം ചെയ്ത് ദീനീ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. ജുമുഅ വേളയിൽ പരിശുദ്ധ ഖുർആനിലെ അനേകം അധ്യാത്മജ്ഞാനങ്ങൾ അദ്ദേഹം വിവരിക്കുകയും മുസ്ലീങ്ങൾക്ക് പ്രയോജനം എത്തിക്കുകയും ചെയ്യുന്നു. മൗലവി ഹകീം നൂറുദ്ദീൻ സാഹിബിന്റെ നാട്ടുകാരനായ ഹകീം ഫസൽ ദീൻ സാഹിബും ഇവിടെ താമസിച്ച് സേവനങ്ങളിൽ മുഴുകിയിരിക്കുകയാണ്.

തുടർന്ന് അവിടുന്ന് ഡോക്ടർ ബൂഡേ ഖാൻ സാഹിബ്, ഖലീഫ റശീദുദ്ദീൻ സാഹിബ് ലാഹോറി, ഡോക്ടർ മിർസാ യാഖൂബ് ബേഗ് സാഹിബ് കലാനൂരി, ഡോക്ടർ മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ഡോക്ടർ അബ്ദുൽ ഹകീം ഖാൻ സാഹിബ്, സേഠ് അബ്ദുർറഹ്മാൻ സാഹിബ് എന്നിവരെ എടുത്തു പറയുകയുകയുണ്ടായി.

അവിടുന്ന് പറയുന്നു: അദ്ദേഹം മുടങ്ങാതെ പ്രതിമാസം 100 രൂപ അയച്ചുതരുന്നു. പലപ്പോഴായി 500

രൂപ വരെ അയച്ചിട്ടുണ്ട്!
അതുപോലെ തന്റെ ആത്മാർഥ സുഹൃത്തായ ലാഹോറിലെ വ്യാപാരി ശൈഖ് റഹ്മത്തുല്ലാഹ് സാഹിബിനെയും അവിടുന്ന് എടുത്തു പറഞ്ഞു. കോടതി വ്യവഹാരങ്ങൾക്കായി വലിയൊരു തുക അദ്ദേഹം ഉപഹാരമായി നൽകുകയുണ്ടായി.
ശേഷം അവിടുന്ന് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനെ എടുത്തു പറഞ്ഞു.ആരെങ്കിലും വളരെ ചെറിയ സേവനം ചെയ്താൽ പോലും ഹദ്റത്ത് മസീഹ് മൗഊദ് (അ)അതിന് അളവറ്റ നന്ദിരേഖപ്പെടുത്തുമായിരുന്നു. ഖാജാ കമാലുദ്ദീൻ സാഹിബിന്റെ മൊഹല്ലയിലെ ഒരാൾ ഫാലൂദ വിറ്റിരുന്നു. ഹുസൂറിന്(അ) ഫാലൂദ കുടിക്കാൻ കൊടുക്കണമെന്നുണ്ടെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ അവിടുന്ന് ഖാജാ സാഹിബിന്റെ വീട്ടിൽ വന്നപ്പോൾ അവിടുത്തെ അനുമതിയോടെ അയാളെ വിളിപ്പിച്ചു. അയാൾ ഫാലൂദ ഉണ്ടാക്കി നല്കി.
'വളരെ നന്നായിട്ടുണ്ട്.' ഹുസൂർ(അ) പറഞ്ഞു.
തുടർന്ന് അയാൾ അവിടെയുള്ളവർക്കായി പത്തിരുപത് ഗ്ലാസ് ഫാലൂദ നല്കി. ഹുസൂർ(അ) അയാൾക്ക് രണ്ടു രൂപ കൊടുത്തയച്ചു. അയാൾ അതു വാങ്ങാൻ കൂട്ടാക്കിയില്ല.
'പണമല്ല എനിക്ക് വേണ്ടത്. എന്നെ അങ്ങയുടെ സന്നിധിയിലെത്തിച്ചാലും.' അദ്ദേഹം പറഞ്ഞു.
അങ്ങനെ അയാൾ ഹുസൂറിന്റെ അടുക്കൽ ചെന്നു. അങ്ങ് അയാൾക്കായി ദുആ ചെയ്യുകയും ജസാക്കുമുല്ലാഹ് എന്നു പറയുകയും ചെയ്തു.
ഹദ്റത്ത് മൗലവി ഇബ്രാഹീം സാഹിബ് ബഖാപ്പൂരി വിവരിക്കുന്നു: ഒരിക്കൽ സിയാൽകോട്ട് ജമാഅത്തിലെ അംഗങ്ങൾ ഹദ്റത്ത്സീഹ് മൗഊദ് (അ)ന്റെ തിരുസന്നിധിയിൽ കുറച്ച് പണം ഉപഹാരമായി സമർപ്പിച്ചു. ഹസൂർ (അ) ആദ്യം *അൽഹംദുലില്ലാഹ്* എന്ന് അരുളുകയും, തുടർന്ന് *ജസാകുമുല്ലാഹ്* എന്ന് പറയുകയും ചെയ്തു. അവിടുന്ന് ആദ്യം അല്ലാഹുവിനോട് നന്ദി കാണിക്കുകയും, തുടർന്ന് ഞങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തതു കാരണം ഇത് ഞങ്ങളുടെ ഈമാനിൽ ഒരു പ്രത്യേക അഭിവൃദ്ധി ഉളവാക്കി.
ഹദ്റത്ത് ദുൽഫിഖാർ അലി ഖാൻ ഗോഹർ സാഹിബ് മറ്റൊരു സംഭവം വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ബൈത്തുദ്ദുആയുടെ താഴത്തെ നിലയിലുള്ള മുറിയിൽ നിന്ന് പുറത്തുവന്നു. ഹുസൂർ(അ) മുടിയിൽ മയിലാഞ്ചി ഇട്ടിരുന്നു. അവിടുന്ന് എന്നോട് പറഞ്ഞു: മൗലവി സയ്യിദ് സർവർ ശാഹ് സാഹിബിനോട് എനിക്ക് കഴിക്കാൻ കുറച്ച് ഭക്ഷണം ഇങ്ങോട്ട് കൊണ്ടുവരാൻ പറയൂ. ഞാൻ പോയി വിവരം പറഞ്ഞു. എന്നാൽ ഭക്ഷണം തീർന്നു പോയിരുന്നു. ഹുസൂറിന്(അ) ഭക്ഷണമില്ലെന്നറിഞ്ഞപ്പോൾ മൗലവി സർവർ ശാഹ് സാഹിബിന്റെ മുഖം വിളറി വെളുത്തുപോയി! എന്തായാലും അദ്ദേഹം ഒരു ചെറിയ പാത്രത്തിൽ കുറച്ച് പാലും, ഒരു പ്ലേറ്റിൽ മൂന്ന് ടോസ്റ്റുകളും കുറച്ച് പഞ്ചസാരയും കൊണ്ടുവന്ന് അതേയുള്ളൂ എന്ന് അറിയിച്ചു. ഹസൂർ(അ) തികഞ്ഞ കൃതജ്ഞതയോടെ- അത് അവിടുത്തെ തിരു മുഖത്ത് വ്യക്തമായി കാണാമായിരുന്നു- ആ ടോസ്റ്റുകളിൽ രണ്ടെണ്ണം എടുത്ത് പഞ്ചസാരയിൽ തൊട്ട് കഴിക്കുകയും തുടർന്ന് വെള്ളം കുടിക്കുകയും ചെയ്തു!
1900 ഓഗസ്റ്റ് 7-ന് ഹസൂർ (അ) ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന് അദ്ദേഹം ഉപഹാരമായി അയച്ചുകൊടുത്ത പുതുവസ്ത്രത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ഒരു കത്തെഴുതുകയുണ്ടായി. അവിടുന്ന് അദ്ദേഹത്തിനു വേണ്ടി ഇപ്രകാരം പ്രാർഥിച്ചു: ഇതിന് പകരമായി അല്ലാഹു തആലാ തന്റെ അളവറ്റതും അസാധാരണവുമായ ഔദാര്യവും അനുഗ്രഹവും താങ്കളുടെ മേൽ ചൊരിയട്ടെ! കൂടാതെ ലിബാസുത്തഖ്വ മുഖേന ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും വർണ്ണത്താൽ താങ്കളെ ആദരിക്കട്ടെ.
അതുപോലെ തന്നെ, ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന് എഴുതിയ ഒരു കത്തിൽ അവിടുന്ന് കുറിച്ചു; താങ്കൾ അയച്ചുതന്ന 50 രൂപ എനിക്ക് ലഭിക്കുകയുണ്ടായി. ദുഷ്ടന്മാരായ അസൂയാലുക്കൾ എനിക്കെതിരെ കോടതിയിൽ കേസ് കൊടുത്ത ഈ ആവശ്യഘട്ടത്തിൽ, താങ്കൾ തുടർച്ചയായി സാമ്പത്തിക സഹായം നൽകുന്നത് അങ്ങേയറ്റം നന്ദി അർഹിക്കുന്ന ഒന്നാണ്!
ഒരു സഹാബി വിവരിക്കുന്നു: അഹ്മദിയ്യത്ത് സ്വീകരിച്ച ഞാൻ അത് വീട്ടുകരിൽനിന്ന് മറച്ചുവെച്ചു. കുറച്ചു കാലം കഴിഞ്ഞപ്പോൾ സംഗതി പുറത്തറിഞ്ഞു. അഹ്മദിയായതിനാൽ പിതാവ് വീട്ടിൽനിന്ന് ഇറക്കിവിട്ടു. ഞാൻ ഒരു കട തുറന്നു. എനിക്ക് തയ്യൽപ്പണി അറിയാമായിരുന്നു. വാഗ്ദത്ത മസീഹി(അ)ന് ഒരു വസ്ത്രം തയച്ചു കൊടുക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു. അങ്ങനെ ഒരു കുർത്തയും ശൽവാറും കോട്ടും തയച്ചു തയ്യാറാക്കി. തുടർന്ന് യാത്രാക്കൂലി എങ്ങനെയൊക്കെയോ ഒപ്പിച്ചു ഞാൻ ഖാദിയാനിലെത്തി. അന്ന് വെള്ളിയാഴ്ചയായിരുന്നു. എന്റെ ഈ എളിയ ഉപഹാരം ഇന്ന് തന്നെ ഹസൂറിന്റെ സന്നിധിയിലെത്തിക്കാൻ സാധിച്ചാൽ, ഒരുപക്ഷേ ഹസൂർ ജുമുഅ നമസ്കാരത്തിന് ഇത് ധരിച്ചു വരുമല്ലോ എന്ന് ഞാൻ ചിന്തിച്ചു.
ഞാൻ ഖാസി സിയാഉദ്ദീൻ സാഹിബിന്റെ കടയിൽ ചെന്ന് എന്റെ ആഗ്രഹം അദ്ദേഹത്തോട് പറഞ്ഞു. അങ്ങനെ അദ്ദേഹം എന്നെ ഹസൂറിന്റെ സന്നിധിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ സമയത്ത് ഹസൂർ (അ) ഒരു മരക്കട്ടിലിൽ ഇരുന്ന് എന്തോ എഴുതുകയായിരുന്നു. ഖാജ കമാലുദ്ദീൻ സാഹിബ് മുന്നിലെ പായയിൽ ഇരിപ്പുണ്ടായിരുന്നു. ഞങ്ങൾ രണ്ടുപേരും അവിടെ ഖാജ സാഹിബിനടുത്തിരുന്നു. വന്ന കാര്യം ധരിപ്പിക്കട്ടെ എന്ന് ഖാജാ സാഹിബ് ചോദിച്ചു. തുടർന്ന് ഖാജ സാഹിബ് ആ വസ്ത്രങ്ങൾ വാങ്ങി ഹസൂറിന് സമർപ്പിക്കുകയും, ഈ യുവാവിന് ഹസൂർ ഇത് ധരിച്ച് ജുമുഅ നമസ്കാരം നിർവ്വഹിക്കണമെന്ന് ആഗ്രഹമുണ്ടെന്ന് അറിയിക്കുകയും ചെയ്തു. ഇതുകേട്ടയുടൻ ഹസൂർ(അ) അകത്തു ചെന്ന് വസ്ത്രം ധരിച്ച് പുറത്തു വന്നു. കോട്ട് അല്പം ഇടുങ്ങിയതായിരുന്നു. ഞാൻ അതു ശരിയാക്കാനായി ബാസാറിൽ കൊണ്ടുപോയി. അവിടെ

നിന്ന് തിരിച്ചുകൊണ്ടു വന്ന് ധരിച്ചപ്പോഴും ഇടുങ്ങിയതു കാരണം ബട്ടണിടാൻ പ്രയാസമായിരുന്നു. എന്നാൽ, എന്റെ മനസ്സ് വിഷമിക്കാതിരിക്കാൻ ഹസൂർ ആ ബട്ടണുകൾ ബലമായി വലിച്ചിട്ടു!

ഹദ്റത്ത് മസീഹ് മൗഊദ് (അ) അഹ്മദികൾക്കായി അയച്ച ഒരു കത്തിൽ എഴുതുന്നു:

അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബറകാത്തുഹു!

ആദ്യം തന്നെ പറയട്ടെ, എന്റെ മനസ്സിൽ അല്ലാഹുവിനോടുള്ള കൃതജ്ഞത അലയടിച്ച് ഉയരുയുകയാണ്! കാരണം അവൻ എന്റെ ജമാഅത്തിന് യഥാർഥ ശിഷ്യത്വവും, സ്നേഹവും, സഹാനുഭൂതിയും നൽകി അനുഗ്രഹിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഫസ്ൽ അവരോടൊപ്പം ഉണ്ടായിരുന്നില്ല എങ്കിൽ, സ്വഹാബികളുടെ (റ) കാലടികൾ പിന്തുടർന്ന് ഇത്രമാത്രം അനുസരണം പുലർത്താനും, സാമ്പത്തിക ബുദ്ധിമുട്ടുകളും വരുമാനക്കുറവും ഉണ്ടായിരുന്നിട്ടും തങ്ങളുടെ ശേഷിക്കും അപ്പുറമായി ദീനീ വഴിയിൽ സാമ്പത്തിക സേവനം ചെയ്യാനും അവർക്ക് ഒരുനാളും തൗഫീഖ് ലഭിക്കുമായിരുന്നില്ല! അല്ലാഹു ഇവരുടെയെല്ലാം സമ്പത്തിൽ ബറക്കത്ത് പ്രദാനം ചെയ്യട്ടെ. ദീനീ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി ഇവർ ചെയ്തുവരുന്ന ഈ സഹായവും പിന്തുണയും ഇരുലോകത്തും ഇവരുടെ നന്മയ്ക്ക് കാരണമാക്കട്ടെ. ആമീൻ സുമ്മ ആമീൻ.

മറ്റൊരിക്കൽ അവിടുന്ന് അരുളി:

അല്ലാഹു ആരുടെ മേലാണോ ഔദാര്യം ചെയ്തിട്ടുള്ളത്, അതിനുള്ള നന്ദി പ്രകാശനം എന്നത് അവന്റെ സൃഷ്ടികളോട് നന്മയും അനുകമ്പയും കാണിക്കുക എന്നതാണ്. അല്ലാതെ ദൈവദത്തമായ അനുഗ്രഹങ്ങളിൽ അഹങ്കരിക്കുകയോ, കാടന്മാരെപ്പോലെ പാവപ്പെട്ടവരെ ചവിട്ടിമെതിക്കുകയോ ചെയ്യരുത്!

അതായത്, ദരിദ്രരെ സഹായിക്കുന്ന കാര്യത്തിലേക്ക് അവിടുന്ന് പ്രത്യേകമായി ശ്രദ്ധ ക്ഷണിക്കുകയായിരുന്നു. അല്ലാഹു അങ്ങേയ്ക്ക് ജനങ്ങളുടെ കാര്യങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയിക്കാറുണ്ടായിരുന്നു. എന്നാൽ അല്ലാഹുവിന്റെ ഹിക്മത്ത് അനുസരിച്ച് അവ പൂർത്തിയാകാൻ ചിലപ്പോൾ സമയമെടുക്കുമായിരുന്നു. ആ പ്രവചനം പൂർത്തിയാകുമ്പോൾ അവിടുന്ന് അത്യധികം കൃതജ്ഞതയോടെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സജ്ദയിൽ വീഴുമായിരുന്നു.

ഒരു സംഭവം വിവരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: ഒരിക്കൽ ശരംപത് ഖത്രിയുടെ സഹോദരനായ വിശ്വംഭർ ദാസിനെക്കുറിച്ച് അയാൾ ക്രിമിനൽ കേസിൽ നിന്നും പൂർണ്ണമായി കുറ്റവിമുക്തനാവില്ലെന്നും ശിക്ഷാകാലാവധിയുടെ പകുതി ഇനിയും അവശേഷിക്കുന്നതാണെന്നും ഞാൻ ഒരു പ്രവചനം നടത്തിയിരുന്നു. എന്നാൽ പ്രതീക്ഷയ്ക്കു വിപരീതമായി അയാളുടെ വീട്ടുകാർ വിശ്വംഭർ ദാസ് കേസിൽ നിന്ന് കുറ്റവിമുക്തനായി എന്ന് നാട്ടിൽ പ്രചരിപ്പിച്ചു! ഞാൻ വലിയ പള്ളിയിൽ നമസ്കാരത്തിനായി പോയപ്പോൾ ഒരാൾ വന്ന്, വിശ്വംഭർ ദാസ് കുറ്റവിമുക്തനായെന്നും അങ്ങാടിയിൽ അയാൾക്ക് ആശംസകൾ ലഭിക്കുകയാണെന്നും പറഞ്ഞു. ഈ വാർത്ത എന്നെ ഏറെ വേദനിപ്പിച്ചു. കാരണം, മിർസാ സഹിബിന്റെ പ്രവചനം പാളിപ്പോയി എന്ന് പറഞ്ഞ് ഇനി ഹിന്ദുക്കൾ ബഹളമുണ്ടാക്കുമല്ലോ എന്ന് ഞാൻ ആകുലപ്പെട്ടു. ആ ദുഃഖം കാരണം നമസ്കാരത്തിലെ ഓരോ റക്അത്തും എനിക്ക് ഓരോ വർഷത്തിന് സമമായി അനുഭവപ്പെട്ടു! നമസ്കാരത്തിൽ ഓരോ റക്അത്തിനു ശേഷവും ഞാൻ സജ്ദയിൽ വീണപ്പോൾ എന്റെ ആകുലത അതിന്റെ പാരമ്യതയിലെത്തി. ആ സജ്ദയുടെ അവസ്ഥയിൽ തന്നെ അല്ലാഹു എന്നെ ഉറക്കെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: *ലാ തഖഫ് ഇന്നക്ക അൻത്തൽ അഅ്ലാ* അതായത് ഭയപ്പെടേണ്ട, തീർച്ചയായും നീ തന്നെയാണ് വിജയി!) പിന്നീട് ഈ പ്രവചനം എങ്ങനെ പൂർത്തിയാകും എന്ന് ഞാൻ കാത്തിരുന്നു, എന്നാൽ ഒരു അടയാളവും പ്രകടമായില്ല. ഞാൻ പലതവണ ശരംപതിനോട് തന്നെ പോയി ചോദിക്കുമായിരുന്നു, വിശ്വംഭർ ദാസ് കുറ്റവിമുക്തനായി എന്നത് സത്യമാണോ എന്ന്. അയാൾ യഥാർത്ഥത്തിൽ കുറ്റവിമുക്തനായി എന്നു തന്നെ ശരംപത്ത് തീർത്തുപറഞ്ഞു. ഇങ്ങനെ ഏതാണ്ട് ആറു മാസം കടന്നുപോയി. കുഴപ്പക്കാരായ ആളുകൾ എന്നെ പരിഹസിച്ചുകൊണ്ടിരുന്നു. എന്നാൽ ശരംപത്ത് എന്നെ ഒരിക്കലും കളിയാക്കുകയുണ്ടായില്ല.

അങ്ങനെ ഒരു ദിവസം രാവിലെ ബട്ടാലയിൽനിന്ന് ഒരു തഹ്സിൽദാർ ഖാദിയാനിൽ വന്നു. കുതിരപ്പുറത്ത് നിന്ന് ഇറങ്ങുന്നതിന് മുൻപ് തന്നെ, ചില ഹിന്ദുക്കൾ ശീലമനുസരിച്ച് അദ്ദേഹത്തിന് അഭിവാദ്യം പറയാനായി അടുത്തേക്ക് വന്നു. കൂട്ടത്തിൽ വിശ്വംഭർ ദാസും ഉണ്ടായിരുന്നു! തഹ്സിൽദാർ വിശ്വംഭർ ദാസിനെ കണ്ട ഉടൻ പറഞ്ഞു: വിശ്വംഭർ ദാസ്, നീ ജയിലിൽ നിന്ന് മോചിതനായതിൽ ഞങ്ങൾ സന്തോഷിക്കുന്നു, എന്നാൽ ഖേദകരമെന്നു പറയട്ടെ, നീ കേസിൽ നിന്ന് കുറ്റവിമുക്തനായിട്ടില്ല. ഈ വാക്ക് കേട്ടയുടൻ ഞാൻ അല്ലാഹുവിന് നന്ദിയർപ്പിച്ചുകൊണ്ട് സജ്ദ ചെയ്തു! ഉടനടി ശരംപതിനെ വിളിപ്പിച്ചു ചോദിച്ചു: വിശ്വംഭർ ദാസ് കുറ്റവിമുക്തനായി എന്ന് പറഞ്ഞ് നീ എന്തിനാണ് ഇത്രയും കാലം എന്നോട് നുണ പറഞ്ഞത്? എന്തിനാണ് എന്നെ അനാവശ്യമായി വിഷമിപ്പിച്ചത്? അയാൾ മറുപടി നൽകി: നിർബന്ധിത സാഹചര്യത്തിൽ പറയേണ്ടി വന്ന ഒരു നുണയായിരുന്നു അത്! ഞങ്ങളുടെ സമുദായത്തിൽ വിവാഹബന്ധങ്ങൾ ഉറപ്പിക്കുമ്പോൾ ചെറിയ കാര്യങ്ങളിൽ പോലും കുറ്റങ്ങൾ തിരയാറുണ്ട്. ഏതെങ്കിലും തരത്തിലുള്ള ദുഷ്പേര് വന്നിട്ടുണ്ടെന്ന് തെളിഞ്ഞാൽ പെൺകുട്ടികളെ കിട്ടാൻ ബുദ്ധിമുട്ടാകും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

എന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെടാത്ത ഒരു ജനതയുമില്ല! എന്റെ അടയാളങ്ങൾക്ക് സാക്ഷ്യം വഹിക്കാത്ത ഒരു വിഭാഗവുമില്ല! ഈ ലക്ഷണങ്ങൾക്ക് സാക്ഷ്യം വഹിച്ചവരുടെ എണ്ണം പത്ത് കോടിയാണെന്ന് പറഞ്ഞാൽ പോലും അതിൽ യാതൊരുഅതിശയോക്തിയുമില്ല!എന്നാൽ, എതിരാളികളുടെ അവസ്ഥയോർത്ത്

എനിക്ക് കരച്ചിൽ വരുന്നു; കാരണം അവർ ഇതിൽ നിന്ന് യാതൊരു പ്രയോജനവും നേടിയില്ല! ഇവർക്ക് കാണിച്ചുകൊടുക്കപ്പെട്ട ഈ അടയാളങ്ങൾ ഈസബ്നു മർയമിന്റെ (അ) കാലഘട്ടത്തിൽ ജൂതന്മാർക്കാണ് കാണിച്ചുകൊടുത്തിരുന്നതെങ്കിൽ, *ളുരിബത്ത് അലൈഹിമുദില്ല* അതായത് അവരുടെ മേൽ അപമാനവും നിന്ദ്യതയും മുദ്രവയ്ക്കപ്പെട്ടു എന്ന ദൈവകോപത്തിന് അവർ ഇരയാകുമായിരുന്നില്ല! ഇനി ലൂത്ത് നബിയുടെ (അ) ജനതയാണ് ഈ അടയാളങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്നതെങ്കിൽ, അവർ ഒരു ഭയാനകമായ ഭൂകമ്പത്താൽഭൂമിക്കടിയിലേക്ക് തള്ളപ്പെടുമായിരുന്നില്ല!എന്നാൽ, കല്ലിനേക്കാൾ കഠിനമായിത്തീർന്ന ആ ഹൃദയങ്ങളെയോർത്ത് ഞാൻ അത്യധികം ഖേദിക്കുന്നു! അവരുടെ ഹൃദയത്തിലെ ഇരുട്ട് എല്ലാ നിലയിലും വർദ്ധിച്ചു വശായിരിക്കുകയാണ്.

അല്ലാഹു നമുക്ക് നന്ദിപ്രകടത്തിന്റെ ഗ്രാഹ്യം പ്രദാനം ചെയ്യുന്നതോടൊപ്പം, തിരുനബി (സ)-യുടെ സത്യസന്ധനായ ദാസന്റെ ബൈഅത്തിൽ വന്നുകൊണ്ട് യഥാർത്ഥ പ്രകാശവും, ആത്മീയ ഉൾക്കാഴ്ചയും ദിവ്യജ്ഞാനവും നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ! ആമീൻ!


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

MASJID MUBARAK UK ON 28.08.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516